ബി.എസ്.എൻ.എൽ മേഖലയിലെ അംഗീകൃത സംഘടനയായ NFTE BSNL - ന്റെ സർക്കിൾ സെക്രട്ടറി (സംസ്ഥാന സെക്രട്ടറി) എന്ന നിലയിൽ എന്റെ അന്വേഷണത്തിൽ ടി ആരോപണങ്ങൾ ശരിയാണെന്ന് ബോദ്ധ്യപ്പെട്ടു. ഒരു ധനകാര്യ സ്ഥാപനം എന്ന നിലയിൽ താഴെക്കാണുന്ന കാര്യങ്ങൾ സുതാര്യമല്ലെന്ന് സംശയിക്കുന്നു.

1) അംഗങ്ങളിൽ നിന്നും ലോണിനുള്ള അപേക്ഷ സ്വീകരിക്കുമ്പോൾ അവർക്ക് അവ വരവു വെച്ച് രസീത് കൊടുക്കുന്നതായി കാണുന്നില്ല.

2). അപേക്ഷകൾ പരിശോധിച്ച് പോരായ്മകളില്ലാത്തവ മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിക്കൊടുക്കുമ്പോൾ പ്രസ്തുത ലോണിന് പരസ്പരം ജാമ്യം നിന്ന് അപേക്ഷിക്കുന്നവരിൽ ചിലർക്ക് മാത്രം ലോൺ കൊടുക്കുകയും മറ്റുള്ളവ കമ്മിറ്റിയുടെ ദയാദാക്ഷിണ്യത്തിനായി കാത്തു നിൽക്കേണ്ട ഗതികേട് അംഗങ്ങൾക്കുണ്ടാകുന്നു.

3). ലോൺ പാസാക്കാത്തതിന്റെ കാരണം യഥാസമയം രേഖാമൂലമോ, ഫോൺ മുഖേനയോ അംഗങ്ങളെ അറിയിക്കുവാൻ ബന്ധപ്പെട്ടവർ പരാജയപ്പെടുന്നു.

4). നിരന്തരമായി ബന്ധപ്പെടുമ്പോൾ അപേക്ഷയിൽ എന്തെങ്കിലും കുറവുകൾ ഉണ്ടെന്ന് പറയുന്ന കാര്യങ്ങൾ ബാഹ്യ ഇടപെടലിനെ തുടർന്ന് കുറവുകൾ പരിഹരിക്കാതെ തന്നെ പാസ്സാക്കി കൊടുക്കുന്ന പ്രവണത തുടർന്നുവരുന്നു.

5). ടി കാര്യങ്ങളിലുള്ള സൊസൈറ്റി ജീവനക്കാരുടെ നിസ്സംഗതയും നിസഹായവസ്ഥയും മനസിലാകുന്നതോടൊപ്പം സർക്കാർ നിയമങ്ങൾക്കും സൊസൈറ്റീസ് ആക്ടിനും വിധേയമായി പ്രവർത്തിക്കേണ്ട ഒരു ധനകാര്യ സ്ഥാപനത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് എന്ന നിലയ്ക്ക് സെക്രട്ടറിയുടെ ചുമതല പൂർണ്ണമായി നിറവേറ്റുവാൻ സാധിക്കുന്നില്ലെന്ന് മനസിലാകുന്നു.

സർ,

സൊസൈറ്റിയുടെ പേരു പോലെ തന്നെ വിവിധ മേഖലകൾ ഉൾക്കൊള്ളുന്ന വിശാലമായ ഒരു സൊസൈറ്റിയുടെ സെക്രട്ടറിയാണ് താങ്കൾ. ഈ മേഖലയിൽ വിവിധ ട്രേഡ് യൂണിയനുകൾ അംഗീകാരമുള്ളതും ഇല്ലാത്തതുമുണ്ട്. ട്രേഡ് യൂണിയൻ നിയമങ്ങൾക്കനുസൃതമായി ജീവനക്കാർക്ക് ഏത് യൂണിയനിൽ അംഗത്വമെടുക്കാം എടുക്കാതിരിക്കാം എന്നതിന് പൂർണ്ണ അധികാരമുണ്ട്. സൊസൈറ്റി ഭരിക്കുന്ന ഭരണ സമിതിയുടെ ഇംഗിതത്തിന് അനുസരിച്ച് താല്പര്യമുള്ള സംഘടനയ്ക്ക് വേണ്ടി അംഗങ്ങളെ പിടിച്ചു